Mehrajan-26

Alathurpadi Dars Students' Association

ഫെസ്റ്റ് മാന്വൽ

Fest Committee

Advisory Board :
AL USTHAD DR.C.K
USTHAD ABDUSHAKOOR FAIZY
USTHAD AKBAR SHAREEF FAIZY
USTHAD SHAFEEQ NIYAS FAIZY
USTHAD SAEED FAIZY

Chairman :
Convener :
Asst.Convener :
HAFIZ NIHAL AHMED
HAFIZ MUHSIN
SAYYID NAZEEL AHAMMED
HAFIZ SINAN

നാഥന്റെ നാമത്തിൽ

ദർസിലെ വിദ്യാർത്ഥികളുടെ
സർഗാത്മക കഴിവുകളുടെ ഉന്നമനം ലക്ഷ്യമാക്കി
സംഘടിപ്പിക്കുന്ന ദർസ് ഫെസ്റ്റാണ്
മെഹ്റജാൻ. ആലത്തൂർപടി ദർസ് സ്റ്റുഡന്റ്സ്
അസോസിയേഷ(ADSA)നാണ് സംഘാടകർ.

200+ participants
180+programmes
4 Languages
3 Groups
3 Category

പ്രമേയം
പിന്നീട് അറിയിക്കും

ടീം പേരുകൾ
പിന്നീട് അറിയിക്കും

ലീഡേഴ്സ്

A	B	C
മുഹമ്മദ് നഫൈൽ കോട്ടുമല	ഹാഫിള് മുഹമ്മദ് സഹൽ വലമ്പൂർ	ഹാഫിള് നസ്റുദ്ദീൻ കരിങ്കല്ലത്താണി
ഹാഫിള് മുഹമ്മദ് വാളാട്	ഹാഫിള് റഊസ് വെള്ളമുണ്ട	അൽ അമീൻ വിളയൂർ
ഹാഫിള് അബ്ദുറഹ്മാൻ മിദ്‌ലാജ് പടിഞ്ഞാറ്റുമുറി	മുഹമ്മദ് ശഫീഖ് ആലത്തൂർ പടി	സുഹൈൽ ചോളോട്

195 participants
195programmes
4 Languages
3 Groups
3 Category

നിയമാവലി

☞ ഫെസ്റ്റ് കമ്മിറ്റിക്ക് അഡ്വൈസറി ബോർഡിന്റെ അംഗീകാരത്തോടെ നിയമാവലിയിൽ ഭേദഗതി വരുത്താവുന്നതാണ്.

☞ നിയമത്തിൽ വല്ല ഭേദഗതിയും പിന്നീട് ആവശ്യമായാൽ ഫെസ്റ്റിന്റെ ഔദ്യോഗിക ലെറ്റർപാഡ് മുഖേനയായിരിക്കും തീരുമാനങ്ങൾ അറിയിക്കുക.

പൊതുനിയമങ്ങൾ

☞ മൂന്നു ഗ്രൂപ്പുകളിലായിദർസിലെനിലവിലെവിദ്യാർത്ഥികളാണ് മത്സരാർത്ഥികൾ.

☞ ഒന്നാം ബാച്ച് സബ്ജൂനിയറും 2,3,4 ബാച്ചുകൾ ജൂനിയറും 5,6,7 ബാച്ചുകൾ സീനിയറുമായിരിക്കും.

☞ ഫെസ്റ്റ് സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ അഡ്വൈസറി ബോർഡിന്റേതായിരിക്കും.

☞ ജൂറികളുടെ തീരുമാനം അന്തിമമായിരിക്കും.

☞ മത്സരവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മത്സരാർത്ഥികൾ ഫെസ്റ്റ് കമ്മിറ്റിയുടെ അനുവാദം കൂടാതെ ജൂറിമാരുമായി നേരിട്ട് ഇടപെടാൻ പാടില്ല.

☞ ചെസ്റ്റ് നമ്പറുകൾ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും കൈവശം വെക്കേണ്ടതാണ്.

☞ ചെസ്റ്റ് നമ്പർ നഷ്ടപ്പെട്ടാൽ 20 രൂപ ഫൈൻ അടച്ച് പുതിയ ചെസ്റ്റ് നമ്പർ സ്വീകരിക്കേണ്ടതാണ്.

☞ ടീം ലീഡർമാർ മാത്രമാണ് പരാതി സംബന്ധമായ കാര്യങ്ങളിൽ ഇടപെടേണ്ടത്.

☞ സംഘടനയുടെയും ദർസിന്റെയും അച്ചടക്കവും കെട്ടുറപ്പും നിലനിർത്തുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളും പ്രതിജ്ഞാബദ്ധരാകണം.

പങ്കാളിത്തം

☞ ഒരു മത്സരാർത്ഥിക്ക് നോൺ-സ്റ്റേജിൽ 10 ഇനങ്ങളിൽ പങ്കെടുക്കാം.

☞ ഖിറാഅത്ത്, ഹിഫ്ള്, ഗദ്യ വായന, ഗ്രന്ഥ വായന, പദപ്പയറ്റ് അറബി, പദപ്പയറ്റ് ഇംഗ്ലീഷ്, ക്വിസ് എന്നിവ ഒഴികെ നാല് വ്യക്തിഗത സ്റ്റേജ് മത്സരങ്ങൾക്കാണ് അവസരമുണ്ടാവുക.

☞ ഒരു വിദ്യാർത്ഥിക്ക് ജനറൽ വിഭാഗത്തിലെ വ്യക്തിഗതത്തിൽ സ്റ്റേജിലും നോൺ-സ്റ്റേജിലും 4 മത്സരങ്ങളിൽ വരെ പങ്കെടുക്കാം.

☞ സ്റ്റേജിൽ ഒരു ടീമിൽ നിന്ന് വ്യക്തിഗത ഇനങ്ങളിൽ മത്സരാർത്ഥികൾ മൂന്നിൽ കുറയാതിരിക്കുകയും അഞ്ചിൽ കൂടാതിരിക്കുകയും വേണം.

☞ നോൺ-സ്റ്റേജിൽ ഒരു ടീമിൽ നിന്ന് വ്യക്തിഗത ഇനങ്ങളിൽ മത്സരാർത്ഥികൾ മൂന്നിൽ കുറയാതിരിക്കുകയും പരിധിയില്ലാതെ പങ്കെടുക്കാവുന്നതുമാണ്.

☞ ഗ്രൂപ്പിനങ്ങളിൽ മത്സരിക്കുന്ന എല്ലാ മത്സരാർത്ഥികളുടെയും ചെസ്സ് നമ്പർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

☞ സബ് ജൂനിയർ വിഭാഗക്കാർക്ക് സ്റ്റേജിലും നോൺ സ്റ്റേജിലും പരിധിയില്ലാതെ പങ്കെടുക്കാം.

☞ ജനറൽ വ്യക്തിഗത മത്സരങ്ങളിൽ ഒരു ഗ്രൂപ്പിൽ നിന്ന് 3 അവസരം

സ്കോർ വിവരങ്ങൾ

☞ വ്യക്തിഗത മത്സരങ്ങളിൽ ലഭിക്കുന്ന ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾക്ക് മത്സരാർത്ഥിക്കും ഗ്രൂപ്പിനും 5,3,1 ക്രമത്തിൽ പോയിന്റ് ലഭിക്കുന്നതാണ്.

☞ ഗ്രൂപ്പ് ഇനങ്ങളിൽ വ്യക്തിക്ക് പോയിന്റ് ലഭിക്കുന്നതല്ല. ഗ്രൂപ്പിന് 15,10,5 ക്രമത്തിൽ പോയിന്റ് ലഭിക്കുന്നതാണ്.

ടൈം ഷെഡ്യൂൾ

രജിസ്ട്രേഷൻ ലാസ്റ്റ് ഡേറ്റ്:

നോൺ-സ്റ്റേജ്: 2025 ജൂൺ 14 ശനി 05:00PM

സ്റ്റേജ്:2025 ജൂൺ 26 വ്യാഴം 05:00PM

☞ ചെക്കിങ് ഡേറ്റ് :
കൃത്യസമയത്ത് രജിസ്ട്രേഷൻ സമയം അവസാനിക്കുന്നതാണ്.
കൃത്യമായ പ്രോഗ്രാം ഷെഡ്യൂൾ പിന്നീട് അറിയിക്കുന്നതാണ്.

☞ സമയ മാറ്റമുണ്ടെങ്കിൽ ഫെസ്റ്റ് കമ്മിറ്റി ഗ്രൂപ്പ് ലീഡർമാരെ ഔദ്യോഗിക ലെറ്റർ പാഡിലൂടെ അറിയിക്കുന്നതാണ്.

☞

നോൺ സ്റ്റേജ്

☞ മത്സരങ്ങളുടെ സമയക്രമം കൃത്യമായി പാലിക്കുന്നതാണ്. ആൻസർ ഷീറ്റിൽ ചെസ്റ്റ് നമ്പർ മാത്രമാണ് എഴുതേണ്ടത്.

☞ മറ്റുള്ള നമ്പറോ പേരോ രേഖപ്പെടുത്തിയാൽ അത് വോല്യൂഷന് പരിഗണിക്കുന്നതല്ല.

☞ രചനാമത്സരങ്ങൾക്ക് ആൻസർഷീറ്റ് മാത്രമേ കമ്മിറ്റിനൽകുകയുള്ളൂ. ഫെസ്റ്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും മത്സരങ്ങൾ

☞ നടക്കുക.

സ്റ്റേജ്

മത്സരങ്ങളുടെ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

☞ മത്സരത്തിൽ കൃത്യസമയത്ത് പങ്കെടുക്കാത്ത പക്ഷം അവസരം നഷ്ടമാകുന്നതാണ്.

☞ ഒരേസമയം രണ്ടു പരിപാടി നടക്കുന്നുണ്ടെങ്കിൽ അതതു വേദിയിലെ രജിസ്ട്രേഷൻ കൗണ്ടറുമായി ബന്ധപ്പെട്ട് ക്രമം നിശ്ചയിക്കേണ്ടതാണ്.

☞ അപ്പീലിന് മാന്വൽ നിർദ്ദേശിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ സ്റ്റേജ് മത്സരത്തിനും നിർദ്ദേശിക്കപ്പെട്ട സമയത്തിന്റെ

☞ %60 ആയിരിക്കും അതിന്റെ മിനിമം സമയം. അതിൽ താഴെയുള്ള മത്സരങ്ങൾ മൂല്യനിർണയത്തിൽ പരിഗണിക്കപ്പെടുന്നതല്ല. അധികമായി എടുക്കുന്ന ഓരോ 10 സെക്കന്റിനും ലഭിച്ച മാർക്കിൽ നിന്ന് രണ്ട് മാർക്ക് വീതം കുറയുന്നതാണ്. ഖിറാഅത്തിൽ ആയത്ത് പൂർ ത്തിയാക്കാവുന്നതാണ്

അപ്പീൽ

☞ ഫലപ്രഖ്യാപനത്തിനുശേഷം പരാതിയുള്ളവർ അര മണിക്കൂറിനുള്ളിൽ ഫെസ്റ്റ് കമ്മിറ്റിക്ക് പരാതി സമർപ്പിക്കണം.
☞ അപ്പീൽ ചാർജ് 100 രൂപ.
☞ പരാതി അപ്പീൽ ഫോറത്തിൽ തന്നെയായിരിക്കണം സമർപ്പിക്കേണ്ടത്.
☞ പരാതി ന്യായമെന്ന് ബോധ്യപ്പെട്ടാൽ വിധി മാറ്റുകയും പരാതിക്കാരന് തുക തിരിച്ചു കിട്ടുന്നതുമാണ്.
☞ ഫെസ്റ്റുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പരാതികളും ഫെസ്റ്റ് കമ്മിറ്റി പരിശോധനക്ക് വിധേയമാക്കുകയും ഫെസ്റ്റ് കമ്മിറ്റിയുടെ തീരുമാനം അന്തിമവുമായിരിക്കും.
☞ പെരുമാറ്റ ദൂഷ്യം, നിയമലംഘനം, തുടങ്ങിയ കാരണങ്ങളാൽ വ്യക്തികളെയും ടീമിനെയും അയോഗ്യരാക്കാൻ ഫെസ്റ്റ് കമ്മിറ്റിക്ക് അധികാരമുണ്ട്.

ഫൈൻ / മൈനസ് സ്കോർ

☞ ഓരോ വിദ്യാർത്ഥിയും മിനിമം ഒരു ഇനത്തിലെങ്കിലും (നോൺ-സ്റ്റേജ്/സ്റ്റേജ്) പങ്കെടുത്തിരിക്കണം.
☞ അല്ലാത്തപക്ഷം ഗ്രൂപ്പിന് രണ്ട് മാർക്ക് വീതം മൈനസും 50 രൂപ ഒരു വിദ്യാർത്ഥിക്ക് വീതം ഫൈനും ഉണ്ടായിരിക്കുന്നതാണ്.
☞ പേരു നൽകി കാരണം കൂടാതെ മത്സരത്തിൽ പങ്കെടുക്കാത്ത പക്ഷം ഗ്രൂപ്പിന് രണ്ട് മാർക്ക് മൈനസും വിദ്യാർത്ഥിക്ക് 20 രൂപ ഫൈനും ഉണ്ടായിരിക്കുന്നതാണ്.
വിദ്യാർത്ഥികൾ ലീവാണെങ്കിൽ ലീവ് ഫോമിൽ അഡ്വൈസറി ബോർഡിന്റെ ഒപ്പോടുകൂടി ഫെസ്റ്റ് കമ്മിറ്റിയെ അറിയിക്കേണ്ടതാണ്.
☞ മത്സരങ്ങളിൽ ക്രമക്കേട് ബോധ്യപ്പെടുകയും അത് ടീമിന്റെ അറിവോടെയാണ് എന്ന് വ്യക്തമാവുകയും ചെയ്താൽ ടീമിന് ലഭിച്ച പോയിന്റിന്റെ 25 ശതമാനം കുറയ്ക്കുന്നതാണ്.

കലാപ്രതിഭ :

നോൺ സ്റ്റേജിലും സ്റ്റേജിലും പ്രൈസ് ലഭിച്ച വ്യക്തിപരമായി ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ജൂനിയർ, സീനിയർ മത്സരാർത്ഥി.

ജനറൽ വ്യക്തിഗത മത്സരങ്ങൾ പരിഗണിക്കും. രണ്ടു വ്യക്തികൾക്ക് സ്കോർ തുല്യമായാൽ ജനറൽ ഗ്രൂപ്പ് സ്കോർ പരിഗണിക്കുന്നതാണ്

എമർജിങ് ടാലെന്റ്

സബ്ജൂനിയർ വിഭാഗത്തിൽ ഏറ്റവും കൂടുതൽ കോർ കരസ്ഥമാക്കിയ പ്രതിഭ

സർഗ്ഗ പ്രതിഭ :

ജൂനിയർ, സീനിയർ വ്യക്തിഗത ഇനങ്ങളിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ വ്യക്തി

പ്രത്യേക അവാർഡ് :

നാളിമുൽ അഅ്ളം

മത്സര ഇനങ്ങൾ

സബ് ജൂനിയർ			
നോൺ സ്റ്റേജ്		സ്റ്റേജ്	
1	മലയാള പ്രബന്ധം	113	ഖിറാഅത്ത്
2	കഥാ രചന മലയാളം	114	ഹിഫ്ള്
3	കവിതാരചന മലയാളം	115	മലയാള പ്രസംഗം
4	ചെറുകഥ	116	അറബി പ്രസംഗം
5	ചെറു കവിത	117	ഇംഗ്ലീഷ് പ്രസംഗം
6	അടിക്കുറിപ്പ് അറബി	118	വഅള്
7	അടിക്കുറിപ്പ് മലയാളം	119	വാങ്ക്
8	തലവാചകം മലയാളം	120	കഥ പറച്ചിൽ
9	മുദ്രാവാക്യ രചന	121	മദ്ഹുന്നബി
10	കയ്യെഴുത്ത് മലയാളം	122	അറബി ഗാനം
11	കയ്യെഴുത്ത് ഇംഗ്ലീഷ്	123	മാപ്പിളപ്പാട്ട്
12	ഖത്തുറുഖഉൗ	124	മാലപ്പാട്ട്
13	ഖത്തുന്നസ്ഖ്	125	ഗദ്യ വായന
14	പെയിന്റിംഗ്	126	മധുര മലയാളം
15	പെൻസിൽ ഡ്രോയിങ്	127	തസ്രീഫ്
16	പോസ്റ്റർ രചന	128	പദപ്പയറ്റ് അറബി
17	കലിഗ്രഫി	129	പദപ്പയറ്റ് ഇംഗ്ലീഷ്
18	ടൈപ്പിങ് മലയാളം	130	പ്രശ്നോത്തരി
19	ടൈപ്പിങ് ഇംഗ്ലീഷ്		

20	കത്തെഴുത്ത് മലയാളം		
21	വാക്യ രചന		
22	നിഘണ്ടു നിർമാണം		
23	കേട്ടെഴുത്ത്		
24	വേഡ് പസിൽ		
25	അറ്റ്ലസ് മാസ്റ്റർ		
26	മെമ്മറി ടെസ്റ്റ്		
27	സുഡോക്കോ		
28	സ്പോട്ട് ദി സിമ്പൽ (ഗ്രൂപ്പ്)		

ജൂനിയർ			
നോൺ സ്റ്റേജ്		സ്റ്റേജ്	
29	പ്രബന്ധം മലയാളം	131	ഖിറാഅത്ത്
30	പ്രബന്ധം അറബി	132	ഹിഫ്ള് കോമൺ
31	പ്രബന്ധം ഇംഗ്ലീഷ്	133	ഹിഫ്ളുൽ ഹുഫ്ഫാള്
32	കഥാ രചന മലയാളം	134	മലയാള പ്രസംഗം
33	കവിതാരചന മലയാളം	135	അറബി പ്രസംഗം
34	ചെറുകഥ	136	ഇംഗ്ലീഷ് പ്രസംഗം
35	ചെറു കവിത	137	ഉറുദു പ്രസംഗം
36	അടിക്കുറിപ്പ് അറബി	138	വഅള്
37	അടിക്കുറിപ്പ് മലയാളം	139	അറബി ഗാനം

38	തലവാചകം അറബി	140	മാപ്പിളപ്പാട്ട്
39	തലവാചകം മലയാളം	141	ഉറുദുഗാനം
40	മുദ്രാവാക്യ രചന	142	നേതൃ സ്മൃതി
41	കയ്യെഴുത്ത് മലയാളം	143	അറബിക് സംഭാഷണം
42	ഖത്തുറുഖഈ	144	ഗ്രന്ഥ വായന
43	ഖത്തുന്നസ്ഖ്	145	ഇംഗ്ലീഷ് റീഡിങ്
44	പെയിന്റിംഗ്	146	ന്യൂസ് റീഡിങ്
45	പോസ്റ്റർ രചന	147	പദപ്പയറ്റ് അറബി
46	കലിഗ്രഫി	148	പദപ്പയറ്റ് ഇംഗ്ലീഷ്
47	ടൈപ്പിങ് മലയാളം	149	പ്രശ്നോത്തരി
48	ടൈപ്പിങ് അറബി	150	പ്രോഗ്രാം സെറ്റിങ് (ഗ്രൂപ്പ്)
49	നിഘണ്ടു നിർമാണം		
50	പദ സമ്പാദനം		
51	തഷ്കീൽ		
52	കത്തെഴുത്ത് മലയാളം		
53	ന്യൂസ് റിപ്പോർട്ടിങ്		
54	ട്രാൻസിലേഷൻ A-M		
55	ട്രാൻസിലേഷൻ M-A		
56	ഇ പോസ്റ്റർ		
57	എ ഐ കവിതാ രചന		
58	ക്രിയേറ്റീവ് കോർണർ		
59	കമന്റ് റൈറ്റിങ്		
60	മാത്സ് ടാലൻറ്		
61	ബ്ലോഗിങ് അറബി		

സീനിയർ

നോൺ സ്റ്റേജ്		സ്റ്റേജ്	
62	പ്രബന്ധം മലയാളം	151	ഖിറാഅത്ത്
63	പ്രബന്ധം അറബി	152	ഹിഫ്ള് കോമൺ
64	പ്രബന്ധം ഇംഗ്ലീഷ്	153	ഹിഫ്ളുൽ ഹുഫ്ഫാള്
65	കഥാരചന അറബി	154	നിമിഷ പ്രസംഗം
66	കവിതാരചന അറബി	155	അറബി പ്രസംഗം
67	കവിതാരചന മലയാളം	156	ഇംഗ്ലീഷ് പ്രസംഗം
68	ചെറുകഥ	157	വഅള്
69	ചെറുകവിത	158	മാപ്പിളപ്പാട്ട്
70	അടിക്കുറിപ്പ് അറബി	159	അറബി ഗാനം
71	അടിക്കുറിപ്പ് മലയാളം	160	ഉറുദുഗാനം
72	സോഷ്യൽ ട്വീറ്റ്	161	നേതൃ സ്മൃതി
73	മുദ്രാവാക്യ രചന	162	ഗ്രന്ഥ വായന
74	കത്തെഴുത്ത് അറബി	163	ഉറുദു റീഡിങ്
75	കത്തെഴുത്ത് മലയാളം	164	ന്യൂസ് റീഡിങ്
76	കത്തെഴുത്ത് ഇംഗ്ലീഷ്	165	ഹിസ്റ്റോറികൽ PPT
77	ന്യൂസ് റിപ്പോർട്ടിങ്	166	തഹദ്ദി അൽ-അദ്ഇയ:
78	റിപ്പോർടിങ് അറബി	167	തഅ്ലീം അൽ സുന്ന
79	മുസാബഖത്തുൽ ഫറാഇള്	168	ഡിബേറ്റ് അറബി
80	നിഘണ്ടു നിർമാണം	169	പദപ്പയറ്റ് അറബി
81	തഷ്കീൽ	170	പദപ്പയറ്റ് ഇംഗ്ലീഷ്
82	പദസമ്പാദനം	171	പ്രശ്നോത്തരി
83	തർകീബ് & തഹ്‌ലീൽ		

84	ഖത്തുറുഖഈ		
85	ഖത്തുന്നസ്ഖ്		
86	പോസ്റ്റർ രചന (അറബി)		
87	കലിഗ്രഫി		
88	മല. ടൈപ്പോഗ്രഫി		
89	Q&H പെയിന്റിങ്		
90	ട്രാൻസ്ലേഷൻ A-M		
91	ട്രാൻസ്ലേഷൻ M-A		
92	ഇ പോസ്റ്റർ		
93	എ ഐ പോസ്റ്റർ		
94	വ്ലോഗിങ് അറബി		

ജനറൽ			
നോൺ സ്റ്റേജ്		സ്റ്റേജ്	
95	ട്രാൻസ്ലേഷൻ A-E, E-A	172	ഭക്തിഗാനം
96	ട്രാൻസ്ലേഷൻ M-E, E-M	173	കവിതാലാപനം
97	കൊളാഷ്	174	അറബി പദ്യം ചൊല്ലൽ
98	പത്ര നിർമാണം	175	കവിയരങ്ങ്
99	പെൻസിൽ ഡ്രോയിങ് (J-S)	176	പാടിപ്പറയൽ
100	ലോജിക്കൽ റീസനിങ്	177	ഖുതുബ
101	വീഡിയോ ഗ്രാസ്പിങ് അറബി	178	വാങ്ക്
102	വീഡിയോ ഗ്രാസ്പിങ് ഇംഗ്ലീഷ്	179	ക്ലാസ് അവതരണം

103	ലോഗോ ക്രിയേഷൻ	180	ഡിബേറ്റ് മലയാളം
104	റീൽ മേക്കിങ്	181	ലൈവ് ട്രാൻസ്ലേഷൻ
105	ആനിമേഷൻ വീഡിയോ	182	അനൗൺസ്മെന്റ്
106	എ ഐ വീഡിയോ	183	സ്പെല്ലിംഗ് ബീ
107	പോഡ്കാസ്റ്റ്	184	മുശാഅറ
108	ഡിജിറ്റൽ മാഗസിൻ	185	മുസാബഖതുൽ അൽഫിയ
109	വെബ് ഡിസൈനിങ്	186	മനാത്വിഖ്
110	ടെന്റ് സെറ്റിങ്	187	അൽ ബലീഗ്
111	ആർട്ടിക്കിൾ	188	ക്വിസ് അറീന
112	തീം സോങ്	189	ഖുർആൻ ടാലന്റ്
		190	അറബി സംഘഗാനം
		191	മലയാള സംഘഗാനം
		192	അറബിക് നഷീദ്
		193	ബുർദ & ഖവാലി

	നോൺ സ്റ്റേജ്		
1 29 30 31 62 63 64	പ്രബന്ധം മലയാളം, അറബി, ഇംഗ്ലീഷ് 30 മിനുട്ട്	ജൂറി നിർദേശിക്കുന്ന വിഷയത്തിൽ പ്രബന്ധം തയ്യാറാക്കുക.	ഭാഷ, വിഷയ വിശകലനം, ക്രമീകരണം, സമർത്ഥനം, അവലംബം
2 32 65	കഥാ രചന മലയാളം, അറബി, 30 മിനുട്ട്	നിർദേശിക്കുന്ന വിഷയത്തിൽ മൗലികമായി രചിക്കുന്ന ഭാവനാത്മകമായ രചനയായിരി ക്കണം.	ഭാവന, സർഗാത്മകത, ആവിഷ്കാര രീതി
3 33 66 67	കവിതാരചന അറബി മലയാളം, 30 മിനുട്ട്		ഭാഷ, ഭാവന സർഗാത്മകത, താളം ആശയ സമ്പൂർണ്ണത
4 34 68	ചെറുകഥ 12 മിനുട്ട്	നിർദേശിക്കുന്ന വിഷയത്തിൽ കുറഞ്ഞ വാക്കുകളിൽ കൂടുതൽ ആശയം ഉൾക്കൊള്ളിക്കുക.	ഭാഷ ഭാവന, സർഗാത്മകത, ആശയം
5 35 69	ചെറു കവിത 12 മിനുട്ട്	നിർദേശിക്കുന്ന വിഷയത്തിൽ കുറഞ്ഞ വാക്കുകളിൽ കൂടുതൽ ആശയം ഉൾക്കൊള്ളിക്കുക.	ഭാഷ ഭാവന, സർഗാത്മകത, ആശയം,
6 7 36 37 70 71	അടിക്കുറിപ്പ് അറബി മലയാളം 5 മിനുട്ട്	നൽകുന്ന ചിത്രത്തിന് അനുയോജ്യമായ അടിക്കുറിപ്പ് തയ്യാറാക്കുക.	ആശയസംമ്പുഷ്ടത, ആകർഷണീയത

8 38 39	തലവാചകം മലയാളം അറബി 5 മിനുട്ട്	നൽകുന്ന കുറിപ്പിന് അനുയോജ്യമായ തലവാചകം തയ്യാറാക്കുക.	ആശയസംമ്പുഷ്ടത, ആകർഷണീയത
9 40 73	മുദ്രാവാക്യ രചന 30 മിനുട്ട്	നിർദേശിക്കുന്ന വിഷയത്തെ ആസ്പദമാക്കി മുദ്രാവാക്യം തയ്യാറാക്കുക.	ഏറ്റു ചൊല്ലാൻ കഴിയുന്ന ശൈലി, ആശയം, ആവിഷ്കാര രീതി
10 11 41	കയ്യെഴുത്ത് മലയാളം ഇംഗ്ലീഷ് 10 മിനുട്ട്	നിർദ്ദേശിക്കുന്ന ഭാഗം എഴുത്ത് നിയമങ്ങൾ പാലിച്ച് പകർത്തി എഴുതുക.	ഭംഗി, കയ്യെഴുത്ത് നിയമങ്ങൾ
12 42 84	ഖത്തുറുഖഊ 10 മിനുട്ട്		
13 43 85	ഖത്തുന്നസ്ഖ് 10 മിനുട്ട്		
14 44	പെയിന്റിംഗ് 60 മിനുട്ട്	നൽകുന്ന വിഷയത്തിൽ വാട്ടർ കളർ ഉപയോഗിച്ച് ചിത്രം തയ്യാറാക്കുക. പേന, മാർക്കർ, സ്കെച്ച് പേന എന്നിവ മത്സരത്തിൽ അനുവദിക്കുന്നതല്ല	ആശയ ചിത്രീകരണം, പൂർണ്ണത, ഭംഗി, വ്യത്യസ്തത
15	പെൻസിൽ ഡ്രോയിങ് 45 മിനുട്ട്	നൽകുന്ന വിഷയത്തിൽ പെൻസിൽ ഉപയോഗിച്ച് ചിത്രം വരച്ച് ഷേഡ് ചെയ്യുക	ആശയ ചിത്രീകരണം, പൂർണ്ണത, ഭംഗി, വ്യത്യസ്തത, ഷേഡിംഗ്

16 45 86	പോസ്റ്റർ രചന മല / അറബി 45 മിനുട്ട്	നൽകുന്ന വിഷയത്തിൽ വാട്ടർ കളർ ഉപയോഗിച്ച് ചിത്രം തയ്യാറാക്കുക. പേന, മാർക്കർ, സ്കെച്ച് പേന എന്നിവ മത്സരത്തിൽ അനുവദിക്കുന്നതല്ല സീനിയർ: അറബി	ഭാവന, ആകർഷണീയത, വ്യത്യസ്തത, ക്രമീകരണം
17 46 87	കലിഗ്രഫി 30 മിനുട്ട്	നൽകുന്ന വിഷയം കലിഗ്രഫി നിയമങ്ങൾ പാലിച്ചുകൊണ്ട് വരക്കുക. മാർക്കർ മാത്രമേ ഉപയോഗിക്കാവൂ.	വൃത്തി, പൂർണ്ണത, ആശയ ചിത്രീകരണം
18 19 47 48	ടൈപ്പിങ് മലയാളം അറബി ഇംഗ്ലീഷ് 10 മിനുട്ട്	നിർദേശിക്കുന്ന ഭാഗം ടൈപ്പ് ചെയ്യുക.	വേഗത, കൃത്യത
20 52 74 75 76	കത്തെഴുത്ത് മലയാളം, അറബി, ഇംഗ്ലീഷ് 12 മിനുട്ട്	നിർദ്ദേശിക്കുന്ന വിഷയത്തിൽ കത്തെഴുതുക. (ഒഫീഷ്യൽ ലെറ്റർ)	ഘടന, ഭാഷ, ആശയം
21	വാക്യ രചന 20 മിനുട്ട്	നൽകുന്ന പദങ്ങൾ മാത്രം ഉപയോഗിച്ചു കൊണ്ട് പൂർണമായ വാക്യങ്ങൾ നിർമിക്കുക	വേഗത, പൂർണ്ണത എണ്ണം,
22 49 80	നിഘണ്ടു നിർമ്മാണം 10 മിനുട്ട്	നൽകുന്ന ഇരുപത്തിയഞ്ചിൽ കവിയാത്ത പദങ്ങൾ മൂലാക്ഷരത്തെ അടിസ്ഥാനമാക്കി നിഘണ്ടുരൂപത്തിൽ ക്രമീകരിക്കുക. സീനിയർ പദങ്ങളുടെ അർത്ഥവും എഴുതണം	കൃത്യത, ക്രമീകരണം, വേഗത,

23	കേട്ടെഴുത്ത്	ജൂറി മൊഴിയുന്ന വാക്കുകൾ തെറ്റ് കൂടാതെ എഴുതുക	കൃത്യത
24	വേഡ് പസിൽ 15 മിനുട്ട്	ഇസ്‌ലാമികം, സ്വർഫ് നിയമങ്ങൾ, കുസൃതി ചോദ്യങ്ങൾ എന്നിവ ഉൾപ്പെടുന്ന പദപ്രശ്നങ്ങളാണ് മത്സരത്തിനു ണ്ടാവുക.	കൃത്യത, പൂർണ്ണത, വേഗത, വ്യക്തത
25	അറ്റ്ലസ് മാസ്റ്റർ 15 മിനുട്ട്	ഭൂപടത്തിൽ നൽകിയിരിക്കുന്ന സ്ഥലങ്ങൾ/ ജില്ലകൾ/ സംസ്ഥാനങ്ങൾ/ രാജ്യങ്ങൾ എന്നിവ തിരിച്ചറിയുക.	കൃത്യത, പൂർണ്ണത, വേഗത, വ്യക്തത
26	മെമ്മറി ടെസ്റ്റ് കാഴ്ച സമയം :2 മിനുട്ട് ബ്രേക്ക് ടൈം :2 മിനുട്ട്	നൽകുന്ന വസ്തുക്കളുടെ പേരുകൾ 3 മിനുട്ട് കൊണ്ട് എഴുതുക. തെറ്റിന് 1/2 മാർക്ക് വീതം മൈനസ് ഉണ്ടാകുന്നതാണ്	കൃത്യത, വേഗത
27	സുഡോക്കോ 15 മിനുട്ട്	തന്നിട്ടുള്ള ഗെയിം പൂർത്തീകരിക്കുക	വേഗത, പൂർണ്ണത
28	സ്പോട്ട് ദി സിമ്പൽ (സബ് ഗ്രൂപ്പ്)	ടീം അംഗങ്ങൾ നൽകിയിട്ടുള്ള ചിഹ്നങ്ങളും ചിത്രങ്ങളും തിരിച്ചറിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ രേഖപ്പെടുത്തുക.	കൃത്യത, പൂർണ്ണത, വേഗത, വ്യക്തത

50 82	പദ സമ്പാദനം 20 മിനുട്ട്	നൽകുന്ന പദങ്ങളെ മലയാളം, അറബി, ഇംഗ്ലീഷ്, എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുക. സീനിയർ വിഭാഗത്തിൽ ഉറുദുവും കൂടി ഉൾപ്പെടുന്നു.	കൃത്യത, വേഗത
51 81	തശ്കീൽ 10 മിനുട്ട്	അറബി ഗ്രന്ഥത്തിൽ നിന്നും നിർദ്ദേശിക്കുന്ന ഇബാറത്തുകൾക്ക് ഹർക്കത്തുകളും പുള്ളികളും രേഖപ്പെടുത്തുക. ജൂനിയർ; كتاب الزنجاني സീനിയർ; അൽഫിയ്യയിലെ ആദ്യ 150 ബൈത്തുകൾ	കൃത്യത, പൂർണ്ണത, വേഗത,
53 77 78	ന്യൂസ് റിപ്പോർട്ടിങ് അറ, മല 15 മിനുട്ട്	നിർദ്ദേശിക്കുന്ന വിഷയത്തിൽ ന്യൂസ് റിപ്പോർട്ട് തയ്യാറാക്കുക.	വാർത്താ ഘടന, അവതരണ ശൈലി ആശയം
54 55 90 91	ട്രാൻസ്ലേഷൻ M-A, A-M, 20 മിനുട്ട്	നിർദ്ദേശിക്കുന്ന ഭാഗം വിവർത്തനം ചെയ്യുക.	ആശയ വ്യക്തത, ഭാഷ, വിവർത്തന രീതി
56 92	ഇ-പോസ്റ്റർ 45 മിനുട്ട്	നൽകുന്ന വിഷയത്തിൽ പോസ്റ്റർ തയ്യാറാക്കുക. സ്വഭാവനയിൽ നിന്നുള്ള സൃഷ്ടിയാവണം. PIXELS : H:1080 W:1350/1440	ഭാവന, ആകർഷണീയത, ക്രമീകരണം, ഭംഗി, വ്യത്യസ്തത,

57	എ ഐ കവിതാ രചന 20 മിനുട്ട്	നിർദ്ദേശിക്കുന്ന വിഷയത്തിൽ എ.ഐ ടൂളുകൾ ഉപയോഗപ്പെടുത്തി കവിത രചിക്കുക.	ഭാഷ, ഭാവന സർഗാത്മകത, താളം ആശയ സമ്പൂർണ്ണത
58	ക്രിയേറ്റീവ് കോർണർ 24 മണിക്കൂർ	നൽകുന്ന വിഷയത്തെ ആസ്പദമാക്കി വസ്തുക്കൾ ഉപയോഗിച്ച് ക്രാഫ്റ്റ് വർക്ക് തയ്യാറാക്കുക. നിർമ്മാണം പൂർത്തിയായ ശേഷം സൃഷ്ടിയുടെ ആശയത്തെക്കുറിച്ച് ചുരുങ്ങിയ വാക്കുകളിൽ വിശദീകരിക്കുക.	ആശയം, നിർമ്മാണ വൈദഗ്ധ്യം, സർഗ്ഗാത്മകത, വ്യാപ്തി
59	കമന്റ് റൈറ്റിങ് 10 മിനുട്ട്	നൽകുന്ന വീഡിയോക്ക് അനുയോജ്യവും ആകർഷണീയവുമായ സോഷ്യൽ മീഡിയ കമന്റ് തയ്യാറാക്കുക.	ആശയം, സ്വാധീനം, ഭാഷാ ശൈലി, സ്വാഭാവികത
60	മാത്സ് ടാലൻറ് 20 മിനുട്ട്	അടിസ്ഥാന ഗണിതം,സംഖ്യാ പ്രശ്നങ്ങൾ തുടങ്ങിയവക്ക് ഉത്തരം കണ്ടെത്തുക. കാൽക്കുലേറ്ററോ മറ്റ് ഡിജിറ്റൽ ഉപകരണങ്ങളോ ഉപയോഗിക്കാൻ പാടുള്ളതല്ല.	കൃത്യത, വേഗത,പരിഹാര രീതി,പൂർണ്ണത,

61 94	വ്ലോഗിങ് അറബി	രണ്ടുദിവസം മുമ്പ് നൽകുന്ന വിഷയം അടിസ്ഥാനമാക്കി മത്സരാർത്ഥി അവതരിപ്പിക്കുന്ന ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ.	ഭാവന, വ്യത്യസ്തത, വീഡിയോ ക്ലാരിറ്റി
72	സോഷ്യൽ ട്വീറ്റ് 15 മിനുട്ട്	നൽകുന്ന വിഷയത്തെ ആസ്പദമാക്കി ശക്തവും ആകർഷകവുമായ സോഷ്യൽ മീഡിയ ട്വീറ്റ് തയ്യാറാക്കുക. അനുയോജ്യമായ ഹാഷ്ടാഗുകളും മറ്റും ഉൾപ്പെടുത്തേണ്ടതാണ്.	സ്വാധീനം, ആശയം, ഘടന, മൗലികത
79	മുസാബ ഖത്തുൽ ഫറാഇള് 20 മിനുട്ട്	ഇസ്‌ലാമിക അനന്തരാവകാശ നിയമങ്ങളെ ആസ്പദമാക്കിയുള്ള മസ്അലയിൽ ഓരോ അനന്തരാവകാശിക്കും കൃത്യമായ ഓഹരി കണക്കാക്കി പരിഹാരം കണ്ടെത്തുക.	സൂക്ഷ്മത, കൃത്യത, വേഗത
83	തർകീബ് & തഹ്‌ലീൽ 20 മിനുട്ട്	നൽകിയിരിക്കുന്ന ഇബാറത്തിന്റെ തർക്കീബ് & ഇഅ്റാബ് പൂർണ്ണമായി അപഗ്രഥിക്കുകയും, ആ വാക്യങ്ങളുടെ ആശയവും പൊരുളും വ്യക്തമായ അറബിക് ഭാഷയിൽ (തഹ്‌ലീൽ/ശർഹ്) ചുരുക്കി എഴുതുകയും ചെയ്യുക.	സൂക്ഷ്മത, ആശയം, കൃത്യത, ഭാഷാ ശുദ്ധി, പൂർണ്ണത

88	മല. ടൈപ്പോഗ്രഫി 30 മിനുട്ട്	നൽകിയിരിക്കുന്ന മലയാള വാക്കുകളെ ആകർഷകവും കലാപരവുമായ രീതിയിൽ രൂപകൽപ്പന ചെയ്യുക.	ഭംഗി, കൃത്യത, ആശയം, മൗലികത, അക്ഷര വിന്യാസം
89	Q&H പെയിന്റിങ് 60 മിനുട്ട്	നൽകുന്ന വചനം അടിസ്ഥാനമാക്കി വാട്ടർ കളർ ഉപയോഗിച്ച് ചിത്രം തയ്യാറാക്കുക. പേന, പെൻസിൽ എന്നിവ മത്സരത്തിൽ ഉപയോഗിക്കാം.	ആശയ ചിത്രീകരണം, പൂർണ്ണത, ഭംഗി, വ്യത്യസ്തത
93	എ ഐ പോസ്റ്റർ 25 മിനുട്ട്	നൽകുന്ന വിഷയത്തെ ആസ്പദമാക്കി ആകർഷകമായ പോസ്റ്റർ എ.ഐ ടൂളുകൾ ഉപയോഗിച്ച് രൂപകൽപ്പന ചെയ്യുക. മുൻകൂട്ടി തയ്യാറാക്കിയ ചിത്രങ്ങളോ മറ്റ് ഡിസൈനുകളോ ഉപയോഗിക്കാൻ പാടുള്ളതല്ല.	ഭാവന, ആകർഷണീയത, ക്രമീകരണം, ഭംഗി, വ്യത്യസ്തത,

സ്റ്റേജ്			
NO	ഇനം & സമയം	മത്സര രീതി	മൂല്യ നിർണ്ണയ ഉപാധികൾ
	ഖിറാഅത്ത് 3 മിനുട്ട്	നിർദ്ദേശിക്കുന്ന ഭാഗം പാരായണം ചെയ്യുക	തജ്‌വീദ്, ശബ്ദ ഭംഗി, ശൈലി, തർത്തീൽ, തുടക്കം, ഒടുക്കം
	ഹിഫ്ള് 5 മിനുട്ട്	സബ് ജൂനിയർ: الملك, يس (സബ്ജൂനിയർ വിഭാഗത്തിൽ മാത്രം ഹാഫിളീങ്ങളും അല്ലാത്തവരും ഒരുമിച്ച്) ജൂനിയർ: يس ,الواقعة, الملك സീനിയർ: السجدة, المنافقون, الجمعة, يس	തജ്‌വീദ്, ശബ്ദ ഭംഗി, ശൈലി, മനപാഠം,
	ഹിഫ്ളുൽ ഹുഫാള് 5 മിനുട്ട്	ആദ്യ 5 ജുസ്അ്	തജ്‌വീദ്, ശബ്ദ ഭംഗി, ശൈലി, മനപാഠം,
	നേതൃ സ്മൃതി 5 മിനുട്ട്	സമസ്തയുടെ മൺമറഞ്ഞ നേതാക്കളെ അനുസ്മരിക്കുന്ന ഗാനമായിരിക്കണം	ശ്രുതി, താളം, ലയം, സ്വരഭംഗി
	അറബി ഗാനം 4 മിനുട്ട്	അറബി ഭാഷയിൽ രചിതമായ ഇസ്ലാമിക ഗാനങ്ങൾ	ശ്രുതി, താളം, ലയം, സ്വരഭംഗി

	മദ്ഹുന്നബി 4 മിനുട്ട്	നബി (സ്വ) യെ സംബന്ധിച്ചുള്ള പ്രകീർത്തന ങ്ങളടങ്ങിയ മലയാള ഭാഷക്ക് പ്രാമുഖ്യമുള്ള ഗാനങ്ങളാണ് അവതരി പ്പിക്കേണ്ടത്, നിലവിലുള്ളതോ ഈണം നൽകിയതോ ആവാം. മാപ്പിളപ്പാട്ടിന്റെ ഇശലുകളല്ല ഇതിൽ ഉദ്ദേശിക്കുന്നത്.	അവതരണം, രാഗം, ശ്രുതി, താളം, ഭാവം, ലയം
	നിമിഷ പ്രസംഗം 5 മിനുട്ട്	10 മിനുട്ട് മുമ്പ് വിഷയം നൽകുന്നതാണ്.	ആശയ സമ്പുഷ്ടത, അവതരണ ശൈലി, ശബ്ദ ക്രമീകരണം, ഭാവം, ആംഗ്യം
	ന്യൂസ് റീഡിങ് 4 മിനുട്ട്	15 മിനുട്ട് മുമ്പ് നൽകപ്പെടുന്ന വിഷയങ്ങളിൽ വാർത്തകൾ തയ്യാറാക്കി അവതരിപ്പിക്കുക.	അവതരണ ശൈലി, വ്യക്തത

	മലയാള പ്രസംഗം 5 മിനുട്ട്	സബ് ജൂനിയർ; ജൂനിയർ; വിഷയങ്ങൾ പിന്നീട് അറിയിക്കും	ഭാഷാശുദ്ധി, അക്ഷരസ്ഫുടത, ആശയ സമ്പുഷ്ടത, അവതരണ ശൈലി, ശബ്ദ ക്രമീകരണം, ഭാവം, ആംഗ്യം
	അറബി പ്രസംഗം 5 മിനുട്ട്	സബ് ജൂനിയർ; ജൂനിയർ; സീനിയർ; വിഷയങ്ങൾ പിന്നീട് അറിയിക്കും	
	ഇംഗ്ലീഷ് പ്രസംഗം 5 മിനുട്ട്	സബ് ജൂനിയർ; ജൂനിയർ; സീനിയർ; വിഷയങ്ങൾ പിന്നീട് അറിയിക്കും	
	ഉറുദു പ്രസംഗം 5 മിനുട്ട്	ജൂനിയർ; വിഷയം പിന്നീട് അറിയിക്കും	
	വഅള്	സബ് ജൂനിയർ; (6 മിനുട്ട്) ജൂനിയർ; (8 മിനുട്ട്) വിഷയങ്ങൾ പിന്നീട് അറിയിക്കും സീനിയർ; 2 ദിവസം മുമ്പ് വിഷയം (10 മിനുട്ട്)	അവതരണ ശൈലി, ശബ്ദ ക്രമീകരണം, ഭാവം, ആംഗ്യം ആശയ സമ്പുഷ്ടത,
	കഥ പറച്ചിൽ 5 മിനുട്ട്	ഇസ്ലാമികാശയങ്ങ ൾക്ക് വിരുദ്ധമാവാത്ത ഭാവനാത്മകമായ കഥകളായിരിക്കും മത്സരത്തിൽ പരിഗണിക്കുക.	ഗുണപാഠം, അവതരണ ശൈലി

	മാപ്പിളപ്പാട്ട് 5 മിനുട്ട്	തനത് ഇശലിലുള്ള പ്രാസ നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള, അറബി മലയാളത്തിന് പ്രാധാന്യം നൽകിയ രചനകൾ. ചരിത്രം, ഭക്തി, പ്രകീർത്തനം തുടങ്ങിയ ഏത് വിഷയവുമാകാം.	ശ്രുതി, താളം, ലയം, സ്വരഭംഗി
	ഉറുദുഗാനം 4 മിനുട്ട്	ഉറുദു ഭാഷയിൽ രചിതമായ ഇസ്ലാമിക ഗാനങ്ങൾ	ശ്രുതി, താളം, ലയം, സ്വരഭംഗി
	ഗദ്യ വായന	ജൂറി നിർദ്ദേശിക്കുന്ന ഭാഗം വായിച്ച് കേൾപ്പിക്കുക	അക്ഷരസ്ഫുടത, അവതരണ ശൈലി
	ഇംഗ്ലീഷ് റീഡിങ്		
	ഉറുദു റീഡിങ്		അക്ഷരസ്ഫുടത, അവതരണ ശൈലി, ഇഅ്റാബ്
	ഗ്രന്ഥ വായന		
	മധുര മലയാളം 4 മിനുട്ട്	നൽകുന്ന വിഷയത്തിൽ മലയാളത്തിൽ മറ്റു ഭാഷകൾ കലർത്താതെ വാചാലമായി സംസാരിക്കുക.	അക്ഷരസ്ഫുടത, ഭാഷാശുദ്ധി, അവതരണ ശൈലി

	പദപ്പയറ്റ് അറബി	ثلاثي مجرد ലെ ماضي ആയ فعل കൾ മാത്രമേ പരിഗണിക്കുകയുള്ളൂ. മത്സരാർത്ഥിയുടെ കൈവശം മൈക്ക് ലഭിച്ച ശേഷം ആയിരിക്കും സമയം ആരംഭിക്കുക. ജൂറി അർത്ഥം ചോദിച്ചാൽ അറിയാത്തപക്ഷം മൈനസ് ആവുന്നതാണ് അവലംബം: മൻഹൽ, മുൻജിദ് സമയക്രമം ജൂറിയിൽ നിക്ഷിപ്തമാണ്.	അർത്ഥ ധാരണ, വ്യക്തത, പൂർണ്ണത
	പദപ്പയറ്റ് ഇംഗ്ലീഷ്	**Verb, Noun** മാത്രമേ പറയാവൂ. ആ പദത്തിന്റെ മറ്റു രൂപങ്ങൾ പരിഗണിക്കുന്നതല്ല. മത്സരാർത്ഥിയുടെ കൈവശം മൈക്ക് ലഭിച്ച ശേഷം ആയിരിക്കും സമയം ആരംഭിക്കുക. ജൂറി അർത്ഥം, സ്പെല്ലിംഗ് ചോദിച്ചാൽ അറിയാത്തപക്ഷം മൈനസ് ആവുന്നതാണ് അവലംബം: ഓക്സ്ഫോഡ് സമയക്രമം ജൂറിയിൽ നിക്ഷിപ്തമാണ്.	അർത്ഥ ധാരണ, വ്യക്തത, പൂർണ്ണത, സമയ നിഷ്ഠത

	വാങ്ക്	സുബ്ഹ് വാങ്ക് ആയിരിക്കും മത്സരത്തിൽ പരിഗണിക്കുക.	തജ്‌വീദ്, ശബ്ദ ഭംഗി, ശൈലി, ശബ്ദ ക്രമീകരണം

	പ്രശ്നോത്തരി	സബ്ജൂനിയർ: ഇസ്ലാമികം 35%, ജനറൽ നോളേജ്:35%, സംഘടന: 30%, ജൂനിയർ: സ്വർഫ്30% ഇസ്ലാമികം30% ജനറൽ നോളേജ്20% സംഘടന 20% സീനിയർ : നഹ്വ്- സ്വർഫ് 35%, മൻത്വിഖ്,ബലാഗ35%, ഇസ്ലാമികം 10%, ജനറൽ നോളേജ്10% സംഘടന 10%	കൃത്യത വ്യക്തത, പൂർണ്ണത, സമയ നിഷ്ഠത
	മാലപ്പാട്ട് 5 മിനുട്ട്	ബദ്ർ, മുഹ്യിദ്ദീന്, രിഫാഈ, മമ്പുറം, നഫീസത്ത് മാലകളിൽ നിന്ന് ഏതെങ്കിലും ഒരു ഭാഗത്തുനിന്നുള്ള വരികൾ ഈണത്തിൽ അവതരിപ്പിക്കുക. തെരെഞ്ഞെടുത്ത വരികൾ എത് മാലയിൽ നിന്നാണെന്ന് മത്സരാർത്ഥി മത്സരത്തിന്റെ തുടക്കത്തിൽ സൂചിപ്പിക്കുക.	വ്യക്തത, ശ്രുതി, താളം, ലയം, സ്വരഭംഗി
	തസ്രീഫ്	ജൂറി നിർദ്ദേശിക്കുന്ന فعل കൾ സ്വർഫ് ആക്കുക.	കൃത്യത

	ഹിസ്റ്റോറികൽ പി.പി.ടി 5 മിനുട്ട്	രണ്ടുദിവസം മുമ്പ് നൽകുന്ന ചരിത്ര വിഷയത്തിന്റെ എല്ലാ വിശദാംശങ്ങളും പരമാവധി ഉൾപ്പെടുത്തി സ്ലൈഡുകൾ അവതരിപ്പിച്ച് പ്രസന്റേഷൻ നടത്തുക.	അവതരണ മികവ്, കൃത്യത, വിശദാംശങ്ങൾ
	പ്രോഗ്രാം സെറ്റിങ്	നൽകുന്ന വിഷയത്തെയോ സന്ദർഭത്തെയോ ആസ്പദമാക്കി ഒരു സമ്പൂർണ്ണ പരിപാടിയുടെ ആശയാസൂത്രണം, അണിയറ പ്രവർത്തനങ്ങൾ, അവതരണം എന്നിവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുക. പ്രോഗ്രാമിന്റെ മുഴുവൻ ഘട്ടങ്ങളും അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്.	ആസൂത്രണ മികവ്, സർഗ്ഗാത്മകത, പ്രമേയബദ്ധത, സമയക്രമീകരണം, ടീം വർക്ക്

	തഹദ്ദി അൽ-അദ്ഇയ:	നൽകപ്പെടുന്ന പ്രത്യേക സന്ദർഭങ്ങൾക്ക് അനുയോജ്യമായ പ്രാർത്ഥനകൾ (ദുആകൾ) നിശ്ചിത സമയത്തിനുള്ളിൽ പൂർണ്ണമായും അറബിക് ഭാഷയിൽ അവതരിപ്പിക്കുക. ഖുർആനിലും ഹദീസുകളിലും വന്നിട്ടുള്ള മാതൃകാ പ്രാർത്ഥനകൾക്ക് മുൻഗണന.	സാന്ദർഭികത, വ്യാകരണ സൂക്ഷ്മത, ഭക്തിസാന്ദ്രത, അവതരണ ശൈലി, ആധികാരികത
	അറബിക് സംഭാഷണം	നൽകുന്ന വിഷയത്തെയോ സന്ദർഭത്തെയോ ആസ്പദമാക്കി രണ്ട് പേർ തമ്മിലുള്ള ആശയവിനിമയം നിശ്ചിത സമയത്തിനുള്ളിൽ അറബിക് ഭാഷയിൽ അവതരിപ്പിക്കുക. പ്രാദേശിക ഭാഷാഭേദങ്ങൾ (ആമ്മിയ്യ) ഒഴിവാക്കി ശുദ്ധമായ അറബിക് (ഫുസ്ഹാ) പ്രയോഗങ്ങൾ ഉപയോഗിക്കേണ്ടതാണ്. ഒരു ഗ്രൂപ്പിൽ നിന്നും രണ്ടു പേർക്ക് അവസരം	ഭാഷാ ശുദ്ധി, വ്യാകരണം, സംഭാഷണ ശൈലി, വിഷയബദ്ധത, ആശയസമ്പുഷ്ടി, സ്വാഭാവികത, ഭാവപ്രകടനം

	തജ്ലീം അൽ സുന്ന	ഒരു ഗ്രൂപ്പിൽ നിന്ന് 5പേരടങ്ങുന്ന 1ടീം. ഖസീദതുൽ ബുർദയിൽ നിന്നുള്ള വരികൾ. ആഭാസകരമല്ലാത്ത രീതിയിൽ ശബ്ദ പശ്ചാതലത്തിൽ അനുവദനീയമായ രീതികൽ സ്വീകരിക്കാവുതാണ്. ഖവാലിക്കായി ഏതു ഭാഷയും സ്വീകരിക്കാം.	ആത്മീയ ഭാവം, ഒത്തിണക്കം
	ഡിബേറ്റ് അറബി വിഷയാവതരണം 2.5 മിനിറ്റ് ചോദ്യം 1 മിനുട്ട് ചോദ്യം 1 മിനുട്ട് ഉത്തരം 2 മിനുട്ട് ഉത്തരം 2 മിനുട്ട് ഉപസംഹാരം 1.5 മിനുട്ട്	ഓരോ ഗ്രൂപ്പിൽ നിന്നും രണ്ട് പേർ. വാദങ്ങൾ ആവശ്യമായ ഡാറ്റകൾ അവതരിപ്പിച്ചു കൊണ്ട് സ്ഥാപിക്കുകയാണ് വേണ്ടത്. വിഷയവും വിഷയത്തോട് അനുകൂലിച്ചാണോ പ്രതികൂലിച്ചാണോ സംവദിക്കേണ്ടത് എന്നും അഞ്ചു ദിവസം മുമ്പ് അറിയിക്കുന്നതാണ്.	ആശയസമ്പുഷ്ടത, സമർത്ഥന രീതി, വിഷയാവതരണ ശൈലി

ജനറൽ			
95 96	ട്രാൻസ്ലേഷൻ (E-A, A-E,) (E-M, M-E,) 20 മിനുട്ട്	നിർദ്ദേശിക്കുന്ന 2 ഭാഗം വിവർത്തനം ചെയ്യുക.	ആശയ വ്യക്തത, ഭാഷ, വിവർത്തന രീതി
97	കൊളാഷ്	ശേഖരിച്ചു കൊണ്ടുവന്ന പത്ര കട്ടിങ്ങുകൾ ഉപയോഗപ്പെടുത്തി മത്സരസമയം നൽകുന്ന വിഷയത്തിൽ അടിക്കുറിപ്പോടെ ഒരു കൊളാഷ് നിർമിക്കുക. വിഷയം പിന്നീട് അറിയിക്കും	കലാ ചാതുരി, ഭാവന, വേഗത വിഭവങ്ങളുടെ ഉപയോഗം, ആശയം
98	പത്ര നിർമ്മാണം 60 മിനുട്ട്	ഒരു ഗ്രൂപ്പിൽ നിന്ന് 4 പേരടങ്ങുന്ന 2ടീമുകൾ. നൽകുന്ന വിഷയങ്ങൾ മുഴുവനായി ഉൾപ്പെടുത്തണം.	പൂർണ്ണത, വൃത്തി, ആർട്ട്, വാർത്തശൈലി, വാർത്താഘടന, ക്രമീകരണം,
99	പെൻസിൽ ഡ്രോയിങ് (വിത്തൗട്ട് സബ്ജൂനിയർ) 45 മിനുട്ട്	നൽകുന്ന വിഷയത്തിൽ പെൻസിൽ ഉപയോഗിച്ച് ചിത്രം വരച്ച് ഷേഡ് ചെയ്യുക	ആശയ ചിത്രീകരണം, പൂർണ്ണത, ഭംഗി, വ്യത്യസ്തത, ഷേഡിംഗ്
100	ലോജിക്കൽ റിസനിങ്	ചിന്താശേഷിയും അപഗ്രഥന ബുദ്ധിയും അളക്കുന്ന ലളിതമായ പസിലുകൾക്കും ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുന്ന വ്യക്തിഗത മത്സരമാണിത്.	കൃത്യത, പൂർണ്ണത, വേഗത

101 102	വീഡിയോ ഗ്രാസ്പിങ് അറബി ഇംഗ്ലീഷ്	പ്രദർശിപ്പിക്കപ്പെടുന്ന ഭാഷയിലുള്ള വീഡിയോ അടിസ്ഥാനമാക്കി നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.	കൃത്യത
103	ലോഗോ മേക്കിങ് 45 മിനുട്ട്	നൽകുന്ന വിഷയത്തിൽ ലോഗോ തയ്യാറാക്കുക. സ്വഭാവനയിൽ നിന്നുള്ള സൃഷ്ടിയാവണം.	ക്രിയാത്മകത, അനുയോജ്യത, സരളത, ആകർഷണീയത, വ്യത്യസ്തത, കൺസപ്റ്റ്
104	റീൽ മേക്കിങ് 1 മിനുട്ട്	ഒരു ഗ്രൂപ്പിൽ നിന്ന് 2 പേർ. ഫെസ്റ്റ് തീമുമായി ബന്ധപ്പെട്ട Shoot ചെയ്ത പ്രചരണ വീഡിയോ തയ്യാറാക്കുക. ഗാനങ്ങൾ ആശയങ്ങൾ കണ്ടൻറുകൾ ഇസ്ലാമിക വിരുദ്ധമാകാത്തതാകണം.	ഭാവന, വ്യത്യസ്തത, വീഡിയോ ക്ലാരിറ്റി, ഘടന
105	ആനിമേഷൻ വീഡിയോ 1 മിനുട്ട്	ദർസ് ലാബ് ഉപയാഗപ്പെടുത്തി ദർസ് ഫെസ്റ്റ് 2026 പ്രമേയത്തിൽ ഒരു മിനുട്ട് ദൈർഘ്യമുള്ള വീഡിയോ തയ്യാറാക്കുക. ഫോൺ ഉപയോഗിക്കാൻ പാടില്ല. ആവശ്യാനുസരണം സോഫ്റ്റ് വെയർ ഫയൽ കാണിക്കേണ്ടതാണ്. Size:H:1080 W:1920	ഭാവന, വ്യത്യസ്തത, ആശയ സമ്പുഷ്ടത

106	എ ഐ വീഡിയോ	നൽകപ്പെടുന്ന വിഷയത്തിൽ ആസ്പദമാക്കി എ ഐ ടൂളുകൾ ഉപയോഗിച്ച് ഒരു മിനിറ്റ് ദൈർഘ്യമുള്ള മൗലികമായ വീഡിയോ നിർമ്മിക്കുക. വിഷ്വലുകൾ, വോയ്സ് ഓവർ/ ശബ്ദങ്ങൾ, പശ്ചാത്തല സംഗീതം തുടങ്ങിയവയെല്ലാം പ്രോംപ്റ്റിലൂടെ എ ഐജനറേറ്റഡ് ആവണം. cuts ഒരുമിച്ചു കൂട്ടാൻ ആവശ്യമായ സോഫ്റ്റ്വയറുകൾ ഉപയോഗിക്കാവുന്നതാണ്.	വൈദഗ്ധ്യം , മൗലികത, ആശയം, ദൃശ്യ-ശ്രവ്യ ഗുണനിലവാരം , തുടർച്ച, ഏകീകൃതം, സമഗ്ര ഭംഗി
107			
	ഭക്തിഗാനം 5 മിനുട്ട്	പ്രാർത്ഥന, അല്ലാഹു, പരലോകം, മരണം തുടങ്ങിയ ഭക്തി സാന്ദ്രമായ വിഷയങ്ങളിലുള്ള ഗാനങ്ങൾ	ശ്രുതി, താളം, ലയം, സ്വരഭംഗി
	കവിതാലാപനം 5 മിനുട്ട്	ഇസ്ലാമിക വിരുദ്ധമല്ലാത്ത മലയാളത്തിലുള്ള കവിതകളായിരിക്കും മത്സരത്തിൽ പരിഗണിക്കുക.	താളം, അവതരണ മികവ്, ഭാവം, ആകർഷണീയത

	പാടിപ്പറയൽ 10 മിനുട്ട്	മോയിന്കുട്ടിവൈദ്യ രുടെ ബദർ ഖിസ്സപ്പാട്ടാണ് തിരഞ്ഞെടുക്കേ ണ്ടത്. തിരഞ്ഞെ ടുക്കുന്ന കഥയുടെ പൂർത്തീകരണ ത്തിന് ഒന്നിലധികം ഇശലുകൾ തിരഞ്ഞെടുക്കാവു ന്നതാണ്. പാടിപ്പറയൽ ബദർ ഖിസ്സപ്പാട്ടിലെ അഹദത്തിലെ അലിഫ് നാല് വരി ആലപിച്ചു കൊണ്ടാണ് തുടങ്ങേണ്ടത്.	ഉള്ളടക്കം, അവതരണം, ശൈലി, ശ്രുതി, താളം, സന്ദർഭോചിതം, അംഗവിക്ഷേപം
	സ്പെല്ലിങ് ബീ	ഉച്ചരിക്കപ്പെടുന്ന പദത്തിന്റെ സ്പെല്ലിംഗ് പറയുക. സമയ ക്രമീകരണത്തിനും നടത്തിപ്പ് രീതിക്കും ജൂറിക്ക് അധികാരം ഉണ്ടായിരിക്കും. ഓക്സ്ഫോർഡ് ഡിക്ഷണറിയാണ് മത്സരത്തിനാധാരം.	വ്യക്തത, അക്ഷര സ്ഫുടത,പൂർണ്ണത
	വാങ്ക്	സുബ്ഹ് ബാങ്കായിരിക്കും മത്സരത്തിൽ പരിഗണിക്കുക.	തജ്‌വീദ്, ശബ്ദ ഭംഗി, ശൈലി, ശബ്ദ ക്രമീകരണം
	ഖുത്വുബ 8 മിനുട്ട്	നുബാത്തിയ്യ. രണ്ട് ഖുതുബയും അദബുകൾ പാലിച്ച് നിർവ്വഹിക്കുക.	തജ്വീദ്, ശബ്ദ ഭംഗി, ശൈലി, ശബ്ദ ക്രമീകരണം, ഭാവം`

	ക്ലാസവതരണം 10 മിനുട്ട്	10 മിനുട്ട് മുമ്പ് നിർദേശിക്കുന്ന വിഷയം വേദി ഉപയോഗപ്പെടുത്തി അവതരിപ്പിക്കുക. باب الصلاة	അപഗ്രഥനം, അവതരണ ശൈലി, ആശയ വ്യക്തത
	ഡിബേറ്റ് മലയാളം വിഷയാവതരണം 2.5 മിനിറ്റ് ചോദ്യം 1 മിനുട്ട് ചോദ്യം 1 മിനുട്ട് ഉത്തരം 2 മിനുട്ട് ഉത്തരം 2 മിനുട്ട് ഉപസംഹാരം 1.5 മിനുട്ട്	ഓരോ ഗ്രൂപ്പിൽ നിന്നും രണ്ട് പേർ. വാദങ്ങൾ ആവശ്യമായ ഡാറ്റകൾ അവതരിപ്പിച്ചു കൊണ്ട് സ്ഥാപിക്കുകയാണ് വേണ്ടത്. വിഷയവും വിഷയത്തോട് അനുകൂലിച്ചാണോ പ്രതികൂലിച്ചാണോ സംവദിക്കേണ്ടത് എന്നും അഞ്ചു ദിവസം മുമ്പ് അറിയിക്കുന്നതാണ്.	ആശയസമ്പുഷ്ടത, സമർത്ഥന രീതി, വിഷയാവതരണ ശൈലി
	ലൈവ് ട്രാൻസ്ലേഷൻ 5 മിനുട്ട്	സ്ക്രീനിൽ പ്രദർശിപ്പിക്കപ്പെടുന്ന അറബിയിലുള്ള പ്രസംഗം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി അവതരിപ്പിക്കണം. പരിഭാഷപ്പെടുത്തുന്നതിന് വേണ്ടി വീഡിയോ പോസ് ചെയ്യുകയും ശേഷം തുടരുകയും ചെയ്യാം.	ആശയ വ്യക്തത, ഭാഷ, വിവർത്തന രീതി, അവതരണം

	അറബിക് പദ്യം ചൊല്ലൽ	ഇസ്ലാമിക വിരുദ്ധമല്ലാത്ത അറബിയിലുള്ള കവിതകളായിരിക്കും മത്സരത്തിൽ പരിഗണിക്കുക.	താളം, അവതരണ മികവ്, ഭാവം, ആകർഷണീയത
	കവിയരങ്ങ്	അഞ്ചുദിവസം മുമ്പ് വിഷയം നൽകും. മത്സരത്തിന്റെ 24 മണിക്കൂർ മുമ്പ് 2 പ്രിന്റ് ചെയ്ത കോപ്പി ഫെസ്റ്റ് കമ്മിറ്റിയെ ഏൽപ്പിക്കേണ്ട താണ്.	ഭാഷ, സർഗാത്മകത, കാവ്യഭംഗി, ഭാവന
	അനൗൺസ്മെന്റ് 3 മിനുട്ട്	10 മിനുട്ട് മുമ്പ് നൽകുന്ന വിഷയത്തിൽ അനൗണ്സ്മെന്റ് തയ്യാറാക്കി അവതരിപ്പിക്കുക.	വിഷയ വിവരം, അവതരണം
	മുശാഅറ	ഒരു ഗ്രൂപ്പിൽ നിന്ന് 5പേരടങ്ങുന്ന 1ടീം. നിമിഷകവിത അനുവദിക്കുന്നതല്ല. ബൈത്തിന്റെ ഉറവിടം ചോദിച്ചാൽ പറയാനുള്ള പൂർണ്ണ ഉത്തരവാദിത്വം മത്സരാർത്ഥി ക്കായിരിക്കും. ഒരു ഹർഫ് കൊണ്ട് തുടർച്ചയായി 3ൽ കൂടുതൽ തവണ അവസാനിപ്പിച്ചാൽ മൈനസ്. സമയക്രമം ജൂറിയിൽ നിക്ഷിപ്തമാണ്.	വ്യക്തത, അക്ഷര സ്ഫുടത,പൂർണ്ണത

	QUIZ ARENA	ഒരു ഗ്രൂപ്പിൽ നിന്ന് 2പേരടങ്ങുന്ന 2ടീമുകൾ. മത്സര രീതി ജൂറിയിൽ നിക്ഷിപ്തം.	കൃത്യത വ്യക്തത, പൂർണ്ണത, സമയ നിഷ്ഠ
	മുസാബഖത്തുൽ അൽഫിയ	ഒരു ഗ്രൂപ്പിൽ നിന്ന് 3പേരടങ്ങുന്ന 1ടീം. അൽഫിയ്യ കിതാബിലെ ആദ്യത്തെ 150 ബൈത്തിൽ നിന്നായിരിക്കും മത്സരം. ബൈത്ത്, ബൈത്തിന്റെ അർത്ഥം, ആശയം, നിയമം, ശാഹിദ് ബൈത്ത്, ബൈത്തിന്റെ ശറഹുകൾ എന്നിവയെ അടിസ്ഥാനമാക്കിയാ യിരിക്കും മത്സരം.	വ്യക്തത, കൃത്യത
	മനാത്വിഖ്	ഒരു ഗ്രൂപ്പിൽ നിന്ന് 2 പേരടങ്ങുന്ന 1ടീം. تصريح المنطق അടിസ്ഥാനമാ ക്കിയുള്ള ചോദ്യങ്ങളും علم المنطق ന്റെ പൊതുവിവ രങ്ങളുമാണ് ഉൾക്കൊള്ളുക..	വ്യക്തത, കൃത്യത
	അറബി സംഘഗാനം 4 മിനുട്ട്	ഒരു ഗ്രൂപ്പിൽ നിന്ന് സീനിയർ കാറ്റഗറിയിലെ വിദ്യാർത്ഥികൾ അല്ലാത്ത 3പേരടങ്ങുന്ന 1ടീം	ശ്രുതി, താളം, ലയം, സ്വരഭംഗി

	മലയാള സംഘഗാനം 5 മിനുട്ട്	ഒരു ഗ്രൂപ്പിൽ നിന്ന് 3പേരടങ്ങുന്ന 1ടീം.	ശ്രുതി, താളം, ലയം, സ്വരഭംഗി
	ബുർദ & ഖവാലി 12 മിനുട്ട്	ഒരു ഗ്രൂപ്പിൽ നിന്ന് 5പേരടങ്ങുന്ന 1ടീം. ഖസീദതുൽ ബുർദയിൽ നിന്നുള്ള വരികൾ. ആഭാസകരമല്ലാത്ത രീതിയിൽ ശബ്ദ പശ്ചാതലത്തിൽ അനുവദനീയമായ രീതികൽ സ്വീകരിക്കാവുതാണ്. ഖവാലിക്കായി ഏതു ഭാഷയും സ്വീകരിക്കാം.	സ്വരഭംഗി, അവതരണശൈലി, ശ്രുതി, താളം, ലയം, ഭാഷാ ശുദ്ധി

	അറബിക് ജൽസ	ഒരു ടീമിൽ നിന്ന് അഞ്ച് പേർ അടങ്ങുന്ന സംഘം. അല്ലാഹുവിനെയോ പുണ്യ പ്രവാചകരെയോ പ്രകീർത്തിക്കുന്നതും ആത്മീയ അനുഭൂതി പകരുന്നതുമായ അറബിക് നശീദുകൾ അവതരിപ്പിക്കുക. ശബ്ദപശ്ചാത്ത ലത്തിനായി ദഫോ അറബനയോ ഉപയോഗിക്കാ വുന്നതാണ്. അവതരണത്തിന് അനുയോജ്യമായ വസ്ത്രധാരണത്തിനും സ്റ്റേജ് ക്രമീകരണങ്ങൾക്കും പ്രത്യേക മാർക്ക് ഉണ്ടായിരി ക്കുന്നതാണ്.	സ്വരഭംഗി, അവതരണശൈലി, ശ്രുതി, താളം, ലയം, ഭാഷാ ശുദ്ധി, ആത്മീയ ഭാവം, ഒത്തിണക്കം

	ഡിജിറ്റൽ മാഗസിൻ	മൂന്ന് ദിവസം മുമ്പ് നൽകുന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു ഗ്രൂപ്പിൽ നിന്നും ഒരു മാഗസിൻ തയ്യാറാക്കുക. മിനിമം 25, 30 പേജിനേക്കാൾ കഴിയരുത്.	കണ്ടന്റ്, ആർട്ട്, ക്രമീകരണം
	അൽ ബലീഗ്	ഇൽമുൽ ബലാഗയിലെ പ്രമുഖ ഗ്രന്ഥമായ 'മുഖ്തസ്വറുൽ മആനി'യിലെ 'ഇൽമുൽ മആനി' എന്ന ഭാഗത്തുനിന്നുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി നടത്തുന്ന മത്സരമാണിത്. ഒരു ടീമിൽ നിന്ന് മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഗ്രൂപ്പാണ് പങ്കെടുക്കേണ്ടത്. നൽകുന്ന ചോദ്യങ്ങൾക്ക് പരസ്പരം ചർച്ച ചെയ്ത് കൃത്യമായ ഉത്തരങ്ങൾ രേഖപ്പെടുത്തുകയോ അവതരിപ്പിക്കുകയോ ചെയ്യേണ്ടതാണ്.	അവഗാഹം, വിശകലന ശേഷി,

	ഖുർആൻ ടാലന്റ്	വിശുദ്ധ ഖുർആന്റെ ചരിത്രം,സൂറത്തുകൾ,ആയത്തുകൾ, തജ്‌വീദ് നിയമങ്ങൾ, അവതരണ പശ്ചാത്തലം, ഖുർആനിക ശാസ്ത്രങ്ങൾ എന്നിങ്ങനെ ഖുർആനുമായി ബന്ധപ്പെട്ടുള്ള മത്സരം. ഓരോ ഗ്രൂപ്പിൽ നിന്നും രണ്ട് പേരടങ്ങുന്ന രണ്ട് ടീമുകൾ വീതം പങ്കെടുക്കാവുന്നതാണ്.	കൃത്യത വ്യക്തത, പൂർണ്ണത, സമയ നിഷ്ഠ
	വാങ്ക്	സുബ്ഹ് വാങ്ക് ആയിരിക്കും മത്സരത്തിൽ പരിഗണിക്കുക.	തജ്‌വീദ്, ശബ്ദ ഭംഗി, ശൈലി, ശബ്ദ ക്രമീകരണം

	വെബ് ഡിസൈനിങ്	നൽകുന്ന വിഷയത്തെ ആസ്പദമാക്കി ആകർഷകവും പൂർണ്ണവുമായ ഒരു വെബ്സൈറ്റ് രൂപകൽപ്പന ചെയ്യുക. നിർമ്മാണത്തിന് ഏത് ടൂളും ഉപയോഗിക്കാവുന്നതാണ്. മുൻകൂട്ടി തയ്യാറാക്കിയ ടെംപ്ലേറ്റുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല. ആവശ്യാനുസരണം തെളിവുകൾ സമർപ്പിക്കേണ്ടതാണ്.	ദൃശ്യചാരുത,ഘടന, പ്രമേയബദ്ധത, മൗലികത, സർഗ്ഗാത്മകത, ഉപയോക്തൃ സൗഹൃദം, സാഹചര്യാനുരൂപത

	ടെന്റ് സെറ്റിങ്	നൽകുന്ന പരിപാടിയുടെ പൂർണ്ണമായ ക്യാമ്പയിൻ ഉത്തരവാദിത്തം ഏറ്റെടുത്ത് നിർവ്വഹിക്കുന്ന മത്സരമാണിത്. പരിപാടിയുടെ പ്രമേയം (Theme) നിശ്ചയിച്ച്, അതിന് അനുയോജ്യമായ കളർ പാലറ്റ്, ലോഗോ, പോസ്റ്ററുകൾ (3), പ്രൊമോഷണൽ വീഡിയോ, വെബ്സൈറ്റ് ലേഔട്ട് എന്നിവ ഉൾക്കൊള്ളുന്ന സമ്പൂർണ്ണ ബ്രാൻഡിംഗ് കിറ്റ് തയ്യാറാക്കുക. ഒരു ഗ്രൂപ്പിൽ നിന്നും ഒരു എൻട്രി മാത്രം.	തീം സെലക്ഷൻ, ആശയം, ഏകീകൃതതം, സർഗ്ഗാത്മകത, മൗലികത,

	ആർട്ടിക്കിൾ	നറുക്കെടുപ്പിലൂടെ ലഭിക്കുന്ന 5 വിഷയങ്ങളിൽ 3വിഷയങ്ങൾ ആസ്പദമാക്കി മൗലികമായി തയ്യാറാക്കിയ ലേഖനങ്ങൾ സമർപ്പിക്കുക. ഏതെങ്കിലും ഒരു വിഷയം അറബി/ മലയാളം ഭാഷയിൽ ആയിരിക്കുക. പകർത്തിയെഴുത്തോ മറ്റ് മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതോ ആകരുത്. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച ലേഖനങ്ങൾ ദർസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.	ഭാഷ, വിഷയ വിശകലനം, ക്രമീകരണം, സമർത്ഥനം, അവലംബം

	പോഡ്കാസ്റ്റ്	നൽകപ്പെടുന്ന വിഷയങ്ങളെ ആസ്പദമാക്കി രണ്ടോ മൂന്നോ അംഗങ്ങൾ അടങ്ങുന്ന ഒരു ടീം വീഡിയോ പോഡ്കാസ്റ്റ് രൂപത്തിൽ അവതരിപ്പിക്കുക. വീഡിയോയുടെ ദൈർഘ്യം 8 മിനിറ്റിൽ കുറയാത്തതും 10 മിനിറ്റിൽ കവിയാത്തതും ആയിരിക്കണം. ചർച്ച ചെയ്യുന്ന വിഷയത്തിന്റെ ആഴത്തോടൊപ്പം പോഡ്കാസ്റ്റിന്റെ വീഡിയോ- ഓഡിയോ സാങ്കേതിക നിലവാരത്തിനും പ്രത്യേക മാർക്ക് ഉണ്ടായിരിക്കു ന്നതാണ്.	

	തീം സോങ്	നൽകപ്പെടുന്ന തീം ആസ്പദമാക്കി ഒരു സോങ് തയ്യാറാക്കുക. വരികളിലും ഈണത്തിലും പൂർണ്ണമായ മൗലികത നിർബന്ധമാണ്. തയാറാക്കിയ ഗാനത്തിന്റെ ഓഡിയോ റെക്കോർഡിങ് വരികൾക്കൊപ്പം സമർപ്പിക്കണം.	മൗലികത, സാഹിത്യ ഭംഗി, ആശയം, സ്വാധീന ശേഷി, താളാത്മകത